**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1625** **28-07-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന വനിതാ കമ്മീഷന്റെ അധികാരവും പ്രവർത്തനങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന വനിതാ കമ്മീഷൻ നിയമം പ്രകാരം വനിതാ കമ്മീഷനു കേസ് എടുക്കാനുള്ള അധികാരമുണ്ടോ; വനിതാ കമ്മിഷനു മുൻപിൽ വരുന്ന പരാതികൾ തീർപ്പാക്കാനുള്ള അധികാരം വനിതാ കമ്മീഷൻ അംഗങ്ങൾക്ക് ലഭ്യമാണോയെന്നറിയിക്കുമോ; | (എ) | കേരള വനിതാ കമ്മീഷൻ ആക്ട്, 1990, വകുപ്പ് 15-ൽ കമ്മീഷന്റെ അധികാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിൽ കമ്മീഷന് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകിയിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കമ്മീഷനിൽ ലഭിക്കുന്ന പരാതികളും കമ്മീഷൻ സ്വയം എടുക്കുന്ന (Suo-Moto) പരാതികളും രജിസ്റ്റർ ചെയ്ത് കമ്മീഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചെയർപേഴ്സനും മറ്റംഗങ്ങളും ഉൾപ്പെടുന്ന കേരള വനിതാ കമ്മീഷൻ മേൽ പറഞ്ഞ വകുപ്പ് പ്രകാരം ഒരു അർദ്ധ ജുഡീഷ്യൽ അധികാരമുള്ള ഒരു കമ്മീഷൻ ആണ്. |
| (ബി) | സംസ്ഥാന വനിതാ കമ്മീഷൻ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ എത്ര സിറ്റിങ്ങുകളാണ് നടത്തിയിരിക്കുന്നതെന്നും ഇതിനു ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) | കേരള വനിതാ കമ്മീഷൻ 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ നടത്തിയ സിറ്റിങ്ങുകളുടെ എണ്ണവും ആയവയ്ക്ക് ഓരോ വർഷവും ചെലവായ തുക സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | സാമ്പത്തിക വർഷം | സിറ്റിംഗുകളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2016-2017 | 122 | 1979000 |
| 2 | 2017-2018 | 96 | 1330000 |
| 3 | 2018-2019 | 114 | 2372000 |
| 4 | 2019-2020 | 119 | 3323000 |
| 5 | 2020-2021 | 47 | 1041000 |